## മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർടിൻ

നാലാം ക്വാർട്ടർ

(ഒക്ടോബർ, നവംബർ, ഡിസംബർ)

2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം


1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) .......... 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) .......... 13.

3. "അവർ എല്ലാവരും ഒന്നാകേണ്ടതിനു"
(ഒക്ടോബർ 13 - 19) .......... 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) .......... 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) .......... 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) .......... 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) .......... 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) .......... 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) .......... 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) .......... 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) .......... 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) .......... 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22–28) .......... 109.

പാഠം 10

# ഐക്യവും തകർന്ന ബന്ധങ്ങളും

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** 2 തിമൊ.4:11; ഫിലെ.1-25; 2 കൊരി.10:12-15; റോമ.5:8-11; എഫേ.4:26; മത്താ.18:15-17.

**മനഃപാഠവാക്യം: "ശത്രുക്കളായിരിക്കുമ്പോൾ തന്നേ നമുക്ക് അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു എങ്കിൽ നിരന്ന ശേഷം നാം അവന്റെ ജീവനാൽ എത്ര അധികമായി രക്ഷിക്കപ്പെടും." (റോമർ 5:10).**

പെന്തെക്കൊസ്തിനു ശേഷം പോലും, വിശ്വാസികൾ തമ്മിലുള്ള ബന്ധം ഇടയ്ക്കിടെ കളങ്കിതമായിരുന്നു. അത്തരം വെല്ലുവിളികളെ സഭാനേതാക്കളും വ്യക്തികളും നേരിട്ടതെങ്ങനെയെന്ന് പുതിയ നിയമത്തിൽ നിരവധി ഉദാഹരണങ്ങളുണ്ട്. ഈ തത്വങ്ങൾ ഇന്നു സഭയ്ക്ക് അത്യമൂല്യങ്ങളാണ്. സംഘർഷങ്ങളെ നേരിടാൻ തിരുവചന തത്വങ്ങളെ ഉപയോഗിക്കുകയും ക്രിസ്തുവിലുള്ള ഏകത്വം നിലനിർത്തുകയും ചെയ്യുമ്പോൾ ഉണ്ടാകുന്ന ശുഭഫലങ്ങളെയാണ് അവ വെളിപ്പെടുത്തുന്നത്.

ഈയാഴ്ചത്തെ പാഠത്തിൽ, വീണ്ടെടുക്കപ്പെട്ട ബന്ധങ്ങളെക്കുറിച്ചും ക്രിസ്തുവിൽ ഒന്നെന്നതിനെ നമ്മുടെ മാനുഷിക ബന്ധങ്ങൾ എങ്ങനെ സ്വാധീനിക്കുന്നു എന്നും ശ്രദ്ധിക്കാം. ജനങ്ങളെ ദൈവത്തിലേക്കും പരസ്പരവും അടുപ്പിക്കുന്നതും പരിശുദ്ധാത്മ ശുശ്രൂഷയിൽ ഉൾപ്പെടുന്നു. ദൈവവുമായും മനുഷ്യർ തമ്മിലുമുള്ള ബന്ധങ്ങളിലെ തടസ്സങ്ങൾ തീർക്കുന്നതും ഇതിലുണ്ട്. ചുരുക്കത്തിൽ, സുവിശേഷത്തിന്റെ ശക്തിയുടെ ഏറ്റവും വലിയ പ്രകടനമെന്നത് സഭ എന്തു പറയുന്നു എന്നതിലല്ല, സഭ എങ്ങനെ ജീവിക്കുന്നു എന്നതിലാണ്.

"നിങ്ങൾക്കു തമ്മിൽ തമ്മിൽ സ്നേഹം ഉണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്ന് എല്ലാവരും അറിയും"(യോഹ.13:35). ഈ സ്നേഹമില്ലാതെ സഭൈക്യത്തെ കുറിച്ചുള്ള നമ്മുടെ പറച്ചിലുകൾ എങ്ങുമെത്തില്ല.

**ഞായർ** **ഡിസംബർ 2**

### വീണ്ടെടുക്കപ്പെട്ട സൗഹൃദം

യേശുവിനു സാക്ഷ്യം വഹിക്കാൻ പൗലൊസും ബർണ്ണബാസും ഒരുമിച്ചു പ്രവർത്തിച്ചു. എന്നാൽ അവർക്കിടയിൽ ഭീരുവായ മർക്കൊസ് എന്ന യോഹന്നാനെ വിശ്വസിക്കുന്നതിനെച്ചൊല്ലി തർക്കമുണ്ടായി (അ.പ്ര.15:36-39). സുവിശേഷഘോഷണത്തിന്റെ അപകടസാദ്ധ്യതകൾ മൂലം മർക്കൊസ് എന്ന യോഹന്നാൻ ഒരു ഘട്ടത്തിൽ പൗലൊസിനെയും ബർണ്ണബാസിനെയും വിട്ട് വീട്ടിലേക്ക് മടങ്ങിയിരുന്നു (അ.പ്ര.13:13).

"ഈ വിട്ടുപോക്ക് കാരണം പൗലൊസ് മർക്കൊസിനെതിരെ വിധിച്ചു, ഒരു സമയം വരെ അതി കഠിനമായിത്തന്നെ വിധിച്ചു. ബർണ്ണബാസാകട്ടെ, അവന്റെ പരിചയക്കുറവു കണക്കിലെടുത്ത് ക്ഷമിക്കാനാഗ്രഹിച്ചു. മർക്കൊസ് സുവിശേഷ വേല വിടരുതെന്ന് അദ്ദേഹം തീവ്രമായി ആഗ്രഹിച്ചു, കാരണം ക്രിസ്തുവിനു

പ്രയോജനപ്പെടുന്ന വേലക്കാരനാകാനുള്ള യോഗ്യതകൾ ബർണ്ണബാസ് അവനിൽ കണ്ടു."-*എലൻ ജി. വൈറ്റ്, ദി ആക്റ്റ്സ് ഓഫ് ദി അപ്പോസൽസ്, പേജ് 170.*

ദൈവം ഇവരെയെല്ലാം ഉപയോഗിച്ചെങ്കിലും ഇവർക്കിടയിലെ തർക്കങ്ങൾക്ക് പരിഹാരം കാണേണ്ടിയിരുന്നു. കൃപ പ്രഘോഷിച്ച അപ്പൊസ്തലൻ തന്റെ അപ്രീതിക്കിരയായ ഒരു യുവ സുവിശേഷകനോട് കൃപ കാണിക്കേണ്ടിയിരുന്നു. ക്ഷമയുടെ അപ്പൊസ്തലൻ ക്ഷമിക്കണമായിരുന്നു. ബർണ്ണബാസിന്റെ ഉറപ്പിക്കുന്ന മാർഗ്ഗദർശ്ശനത്തിൽ മർക്കൊസ് എന്ന യോഹന്നാൻ വളർന്നു (അ.പ്ര. 15:39). ക്രമേണ പൗലൊസിന്റെ ഹൃദയത്തെ ഈ മാറ്റങ്ങൾ സ്പർശിച്ചു.

**തിമൊത്തിക്കും കൊലൊസ്യർക്കുമുള്ള പൗലൊസിന്റെ ലേഖനം യുവ സുവിശേഷകനായ മർക്കൊസ് എന്ന യോഹന്നാനിൽ ഉണ്ടാക്കിയ പുതു ആത്മവിശ്വാസത്തെക്കുറിച്ചും അവർ തമ്മിലുള്ള പുതുക്കിയ ബന്ധത്തെക്കുറിച്ചും എന്ത് വെളിപ്പെടുത്തുന്നു? കൊലൊ.4:10,11; 2 തിമൊ.4:11.**

മർക്കൊസ് യോഹന്നാനുമായുള്ള പൗലൊസിന്റെ അനുരഞ്ജന വിവരണം പൂർണ്ണമല്ലെങ്കിലും സുവിശേഷ രേഖകൾ വ്യക്തമാണ്. മർക്കൊസ് യോഹന്നാൻ അപ്പൊസ്തലന്റെ ഏറ്റവും വിശ്വസ്തനായ അനുയായി ആയി. കൊലൊസ്യ സഭയിലേക്ക് "കൂട്ടു വേലക്കാരനായി" പൗലൊസ് ഇദ്ദേഹത്തെ ശുപാർശ ചെയ്യുന്നു. പൗലൊസിന്റെ അന്ത്യകാലത്ത്, തിമോത്തിയോട് മർക്കൊസ് യോഹന്നാനെ റോമിലേക്കു കൂട്ടിക്കൊണ്ടുവരാൻ ഉത്സാഹിപ്പിക്കുന്നുണ്ട്. അതിനു കാരണമായി പറയുന്നു, "മർക്കൊസ് എനിക്കു ശുശ്രൂഷയ്ക്കു ഉപകാരമുള്ളവനാകയാൽ" (2 തിമൊ. 4:11). തീർച്ചയായും അദ്ദേഹം ക്ഷമിച്ച ഈ യുവ സുവിശേഷകനാൽ പൗലൊസിന്റെ ശുശ്രൂഷ പുഷ്ടിപ്പെട്ടു. അവർക്കിടയിലെ ചുവർ ഇടിഞ്ഞു, സുവിശേഷത്തിനായി അവരൊരുമിച്ചു വേല ചെയ്യാനിടയായി. അവർക്കിടയിലെ പ്രശ്നങ്ങളെന്തു തന്നെയായാലും മുമ്പ് മർക്കൊസിനൊടുണ്ടായിരുന്ന സ്വഭാവത്തിൽ പൗലൊസ് എത്ര തന്നെ സ്വയം നീതീകരിച്ചാലും ഇപ്പോൾ അതൊക്കെയും പിൻതള്ളപ്പെട്ടുകഴിഞ്ഞു.

**വേദനിപ്പിച്ചവരോടും നിരാശപ്പെടുത്തിയവരോടും എങ്ങനെ ക്ഷമിക്കാൻ പഠിക്കാം? അതേസമയം തന്നെ, ക്ഷമ മുമ്പൊരിക്കലുണ്ടായിരുന്ന ബന്ധത്തെ എല്ലായ്പോഴും പൂർണ്ണമായി വീണ്ടെടുക്കാത്തത് എന്തുകൊണ്ടാണ്? അത് എപ്പോഴും ആവശ്യമില്ലാത്തതും എന്തുകൊണ്ട്?**

**തിങ്കൾ** **ഡിസംബർ 3**

## അടിമയിൽ നിന്ന് പുത്രനിലേക്ക്

കൊലൊസ്യയിൽ നിന്ന് റോമിലേക്ക് ഒളിച്ചോടിയ അടിമ ഒനേസ്സിമൊസിനെ പൗലൊസ് റോമിലെ കാരാഗൃഹത്തിൽ തടവുകാരനായി കഴിയുമ്പോൾ കാണാനിടയായി. ഒനേസിമൂസിന്റെ യജമാനനെ അറിയുമെന്ന് പൗലൊസ് തിരിച്ചറിഞ്ഞു. ഫിലെമൊനുള്ള ലേഖനം ഈ അടിമയുമായുള്ള അറ്റുപോയ ബന്ധത്തെ വീണ്ടെടുക്കുന്നതിന് തന്റെ സുഹൃത്തിനോട് പൗലൊസിന്റെ വ്യക്തിപരമായ അപേക്ഷയാണ്.

വ്യക്തിബന്ധങ്ങളെ പൗലൊസ് വിലമതിച്ചിരുന്നു. തകർന്ന വ്യക്തിബന്ധങ്ങൾ ആത്മീയ വളർച്ചയ്ക്കും സഭൈക്യത്തിനും വിലങ്ങുതടിയാണെന്ന് പൗലൊസിന് അറിയാമായിരുന്നു. ഫിലെമൊൻ കൊലൊസൊസിലെ ഒരു സഭാ നേതാവായിരുന്നു. അദ്ദേഹം ഒനേസിമോസിനോടു കൈപ്പു സൂക്ഷിച്ചിരുന്നാൽ അത് തന്റെ ക്രിസ്തീയ സാക്ഷ്യത്തിനും അവിശ്വാസികൾക്കിടയിൽ സഭയുടെ സാക്ഷ്യത്തിനും കളങ്കം വരുത്തുമായിരുന്നു.

**ഫിലെമൊൻ 1–25. വീണ്ടെടുക്കപ്പെട്ട ബന്ധങ്ങളെക്കുറിച്ച് എന്ത് തത്വങ്ങൾ ഇവിടെ കാണാം? 'തത്വങ്ങൾ' എന്ന സുപ്രധാന വാക്ക് ശ്രദ്ധിക്കുക.**

അടിമത്തത്തിന്റെ തിന്മകളെക്കുറിച്ച് പൗലൊസ് അധികം കഠിനമായി സംസാരിക്കുന്നില്ല എന്നത് നോട്ടത്തിൽ ഞെട്ടിക്കുന്നതാണ്. എന്നാലോ പൗലൊസിന്റെ തന്ത്രം കൂടുതൽ ഫലവത്തായിരുന്നു. സുവിശേഷം, എല്ലാ വിഭാഗീയതകളെയും ഇടിച്ചു കളയുന്നു (ഗലാ.3:28; കൊലൊ. 3:10,11). അപ്പൊസ്തലൻ ഒനേസിമോസിനെ ഫിലെമൊന്റെ അടുത്തേക്ക് മടക്കി അയക്കുന്നു; അടിമയായിട്ടല്ല ക്രിസ്തുവിൽ തന്റെ മകനായിട്ട്, കൂടാതെ കർത്താവിൽ ഫിലെമൊന്റെ "പ്രിയ സഹോദരനായും" (ഫിലെ.16).

ഓടിപ്പോയ അടിമകൾക്ക് അത്ര ശുഭമല്ലാത്ത ഒരു ഭാവിയാണുണ്ടാവുകയെന്ന് പൗലൊസിനറിയാമായിരുന്നു. അവർ എപ്പോൾ വെണമെങ്കിലും പിടിക്കപ്പെടാം. അനാഥത്വത്തിന്റെയും ദാരിദ്ര്യത്തിന്റെയും ജീവിതത്തിനായി വിധിക്കപ്പെട്ടവരാണവർ. എന്നാൽ ഇന്ന്, കർത്താവിൽ ഫിലെമൊന്റെ സഹോദരൻ, തയ്യാറുള്ള വേലക്കാരൻ എന്നീ നിലകളിൽ ഒനെസിമൊസിന് ഒരു ശുഭ ഭാവിയുണ്ടാകും. അവന്റെ ഭക്ഷണം, താമസം, ജോലി ഒക്കെ ഫിലെമൊനു കീഴിൽ സുരക്ഷിതമായി. തകർന്ന ബന്ധത്തിന്റെ വീണ്ടെടുപ്പ് ജീവിതത്തിൽ നാടകീയ മാറ്റമുണ്ടാക്കി. അവൻ "വിശ്വസ്തനും പ്രിയപ്പെട്ടവനുമായ സഹോദരനായി," പൗലൊസിന്റെ കൂട്ടുവേലക്കാരനും (കൊലൊ. 4:9). അവർ തമ്മിലെ രമ്യതയ്ക്ക് പൗലൊസ് അതിതീവ്രമായി ആഗ്രഹിച്ചിരുന്നു. യേശുവിന്റെ രണ്ടു വിശ്വാസികൾക്കിടയിലുള്ള ഈ പ്രശ്നത്തിൽ എന്തെങ്കിലും സാമ്പത്തിക ബാധ്യതകൾ ഉണ്ടെങ്കിൽ അത് തന്റെ കീശയിൽ നിന്ന് മുടക്കാൻ പോലും പൗലൊസ് തയ്യാറായിരുന്നു.

**മറ്റുള്ളവരുമായുള്ള ബന്ധത്തിൽ ഉണ്ടായേക്കാവുന്ന ബുദ്ധിമുട്ടുകളിലും വിള്ളലുകളിലും പരിഹാരമായി ഈ ലേഖനത്തിലെ തത്വങ്ങളിൽ നിന്ന് എന്ത് സ്വീകരിക്കുവാൻ കഴിയും? പ്രാദേശിക സഭയിലെ ഐക്യം തകരാതിരിക്കാൻ ഈ തത്വങ്ങൾ എങ്ങനെ സഹായിക്കും?**

**ചൊവ്വ** **ഡിസംബർ 4**

## ഐക്യത്തിനുള്ള ആത്മീയ കൃപാവരങ്ങൾ

**മുമ്പൊരു പാഠത്തിൽ കണ്ടതുപോലെ കൊരിന്തിലെ സഭയിൽ ആഴമേറിയ പ്രശ്നങ്ങളുണ്ടായിരുന്നു. 1 കൊരി.3:5–11, 12:1–11; 2 കൊരി.10:12–15 വാക്യങ്ങളിൽ**

**മുറിവുണങ്ങാനും യഥാസ്ഥാനപ്പെടാനും പൗലൊസ് നിർദ്ദേശിക്കുന്ന തത്വങ്ങൾ എന്തെല്ലാമാണ്? അവ ഇന്നും സഭയ്ക്ക് സുപ്രധാനമാകുന്നതെന്തുകൊണ്ട്?**

ഈ വാക്യങ്ങളിൽ സഭൈക്യത്തിനുള്ള നിർണ്ണായക നിർദ്ദേശങ്ങളാണ് അപ്പൊസ്തലൻ പ്രതിപാദിക്കുന്നത്. എല്ലാവരും ചേർന്ന് പണിയുന്നത് ദൈവസഭ തന്നെയാണെങ്കിലും സഭയിൽ വിവിധ വേലകൾ തികയ്ക്കുവാൻ പലതരം വേലക്കാരെ യേശു ഉപയോഗിക്കുന്നുവെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു (1 കൊരി.3:9).

ദൈവം നമ്മെ വിളിച്ചിരിക്കുന്നത് സഹകരണത്തിനാണ്, മത്സരിക്കാനല്ല. ഓരോ വിശ്വാസിയെയും ദൈവം കൃപാവരങ്ങളാൽ നിറച്ചിരിക്കുന്നത് ദൈവസഭയ്ക്ക് ശുശ്രൂഷ ചെയ്യാനും സമൂഹത്തെ സേവിക്കാനുമാണ് (1കൊരി.12:11). വലുതോ ചെറുതോ ആയ കൃപാവരങ്ങളില്ല. എല്ലാം ദൈവസഭയിൽ ആവശ്യമാണ് (1 കൊരി.12:18-23). ദൈവം തന്ന ദാനങ്ങളൊന്നും സ്വാർത്ഥോപയോഗത്തിനല്ല. സുവിശേഷ വ്യാപനത്തിനാണ് പരിശുദ്ധാത്മാവു ദാനങ്ങൾ നിൽകിയിരിക്കുന്നത്.

മറ്റുള്ളവരുമായി ഏതെല്ലാം തരത്തിൽ താരതമ്യം ചെയ്യുന്നതും ബുദ്ധിശൂന്യതയാണ്, അത് നമ്മെ ഒന്നുകിൽ തളർത്തും അല്ലെങ്കിൽ അഹങ്കാരികളാക്കും. മറ്റുള്ളവർ നമ്മെക്കാളേറെ "ആധിപത്യം" ഉള്ളവരാണെന്ന് ചിന്തിച്ചാൽ, നാം തളർന്നുപോകും. നമ്മൾ ചെയ്യുന്ന സുവിശേഷവേല എന്തു തന്നെയായാലും അതിൽ നിരാശരായിപ്പോകും. നേരേമറിച്ച് നാം ചെയ്യുന്ന സുവിശേഷവേല മറ്റുള്ളവർ ചെയ്യുന്നതിനേക്കാൾ അധികം ഫലവത്താണെന്ന് ചിന്തിക്കുകയാണെങ്കിലോ അഹങ്കാരികളുമാകും. ഒരൊറ്റ ക്രൈസ്തവനു പോലും ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ഒരു വികാരമാണത്.

രണ്ടവസ്ഥകളും ക്രിസ്തുവിനു ആവശ്യമായ കാര്യക്ഷമതയെയും കൂട്ടായ്മയെയും ബാധിക്കും. ക്രിസ്തു നമ്മെ ആക്കി വച്ചിരിക്കുന്നിടത്തു നിന്നു പ്രവർത്തിക്കുമ്പോൾ, സാക്ഷ്യം വഹിക്കുന്നതിൽ നാം സന്തോഷവും സംതൃപ്തിയും കണ്ടെത്തും. നമ്മുടെ പ്രവൃത്തികൾ മറ്റുള്ളവർക്കും സഹായകമാകും. അങ്ങനെ ക്രിസ്തുസഭ ദൈവരാജ്യത്തിനുള്ള വൻചുവടുകൾ വയ്ക്കും.

**സുവിശേഷവേലയിൽ ആരുടെയെങ്കിലും കഴിവുകൾ നിങ്ങളെ അസൂയപ്പെടുത്തിയിട്ടുണ്ടോ? (അത്ര ബുദ്ധിമുട്ടുള്ള ചോദ്യമല്ലല്ലേ?) അതേസമയം തന്നേ, മറ്റുള്ളവരുടെ കഴിവുകളുമായി താരതമ്യം ചെയ്യുമ്പോൾ സ്വന്തം കഴിവുകളിൽ അഹങ്കരിച്ചിട്ടുണ്ടോ? പൗലൊസ് ഉന്നയിക്കുന്ന വിഷയങ്ങൾ വീണുപോയ മർത്യരിൽ വളരെ യാഥാർത്ഥ്യമാണ്. ഇതിലേതു ഭാഗത്തെങ്കിലുമാകട്ടെ നാം വീണിരിക്കുന്നത്, ക്രിസ്തുവിൽ ഒന്നാകുന്നതിനാവശ്യമായ നിസ്വാർത്ഥഭാവം ഉണ്ടാകാൻ എന്ത് ശ്രമം നടത്തണം?**

**ബുധൻ** **ഡിസംബർ 5**

**ക്ഷമാശീലം**

എന്താണ് ക്ഷമാശീലം? നമ്മോടു വലിയ തെറ്റുചെയ്തൊരാളോടു ക്ഷമിക്കുന്നത് അയാളുടെ സ്വഭാവത്തെ ന്യായീകരിക്കലാണോ? തെറ്റുകാരന്റെ

പശ്ചാത്താപത്തെ ആശ്രയിച്ചാണോ എന്റെ ക്ഷമ ഇരിക്കുന്നത്? എനിക്ക് നീരസമുള്ള ആൾ എന്റെ ക്ഷമ അർഹിക്കുന്നില്ലെങ്കിലോ?

**ക്ഷമാശീലത്തെ തിരുവചന വെളിച്ചത്തിൽ മനസ്സിലാക്കാൻ ഈ വാക്യങ്ങൾ എങ്ങനെ സഹായിക്കുന്നു? റോമ.5:8-11; ലൂക്കൊ.23:31-34; 2കൊരി.5:20, 21; എഫേ.4:26.**

നമ്മെ തന്നോടു കൂട്ടിച്ചേർക്കുന്ന ദൗത്യം ക്രിസ്തു തന്നെ ഏറ്റെടുത്തു. അതെ, "ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു നടത്തുന്നു" (റോമ.2:4). നാം പാപികളായിരിക്കെത്തന്നെ ക്രിസ്തുവിൽ നമ്മെ ദൈവത്തോട് ചേർക്കുന്നു. നമ്മുടെ മാനസാന്തരമോ ഏറ്റുപറച്ചിലോ വീണ്ടെടുപ്പിനു കാരണമാകുന്നില്ല. ക്രിസ്തുവിന്റെ ക്രൂശുമരണമാണ് അത് സാധ്യമാക്കിയത്; നമുക്കായി ചെയ്തതിനെ സ്വീകരിക്കുക മാത്രമാണ് നമ്മുടെ ഭാഗം. പാപങ്ങൾ ഏറ്റുപറയാതെ പാപക്ഷമയുടെ ഫലങ്ങൾ അനുഭവവേദ്യമാകില്ല, സത്യം. എന്നാൽ ഏറ്റുപറച്ചിൽ ദൈവഹൃദയത്തിൽ ക്ഷമ ജനിപ്പിക്കുമെന്ന് അർത്ഥമാക്കുന്നില്ല. ക്ഷമ എന്നത് ആ ഹൃദയത്തിൽ എപ്പോഴുമുണ്ടായിരുന്നു. ഏറ്റുപറച്ചിൽ, ക്ഷമ സ്വീകരിക്കാൻ നമ്മെ പ്രാപ്തരാക്കുന്നു (1യോഹ.1:9). ഏറ്റുപറച്ചിലിന് നിർണ്ണായക പ്രാധാന്യമുണ്ട്. ദൈവത്തിന് നമ്മോടുള്ള മനോഭാവം മാറില്ല പക്ഷേ നമുക്ക് ദൈവത്തോടുള്ള മനോഭാവത്തിന് മാറ്റമുണ്ടാകും. പരിശുദ്ധാത്മാവിന്റെ പാപബോധന ശക്തിക്കു കീഴ്പ്പെട്ട് പാപങ്ങൾ ഏറ്റുപറയുമ്പോൾ നമ്മുടെ മാറ്റമുണ്ടാകുന്നു.

ആത്മീയ സന്തുഷ്ടതയ്ക്ക് ക്ഷമാശീലം അത്യന്താപേക്ഷിതമാണ്. തെറ്റു ചെയ്തൊരാളോട് ക്ഷമിക്കാതിരുന്നാൽ, അയാൾ ക്ഷമ അർഹിക്കുന്നില്ല എങ്കിൽ പോലും, അത് അയാളെക്കാൾ കൂടുതൽ നമ്മെയാവും വേദനിപ്പിക്കുക. ഒരാൾ നിങ്ങളോടു തെറ്റു ചെയ്തെന്നിരിക്കട്ടെ, അയാളോടു ക്ഷമിക്കാത്തതിനാൽ ആ വേദന നിങ്ങളുടെ ഹൃദയത്തെ കുത്തുന്നുവെങ്കിൽ, നിങ്ങളെ കൂടുതൽ വേദനിപ്പിക്കാൻ അയാളെ അനുവദിക്കുകയാണു. ഇതൊക്കെ തന്നെയല്ലേ സഭയിലെ ഭിന്നതകൾക്കും സംഘർഷങ്ങൾക്കും സദാ കാരണം. സഭാംഗങ്ങൾക്കിടയിലെ അപരിഹാര്യ മുറിവുകൾ ക്രിസ്തുവിന്റെ ശരീരത്തിലെ ഐക്യത്തെ ഹനിക്കുന്നു.

ക്ഷമിക്കുന്നതിലൂടെ ഒരാളെക്കൂടി ശിക്ഷാവിധിയിൽ നിന്ന് മോചിപ്പിക്കുകയാണ്, കാരണം ക്രിസ്തുവും നമ്മെ ശിക്ഷാവിധിയിൽ നിന്ന് മോചിപ്പിച്ചുവല്ലോ. അത് നമ്മോടുള്ള മറ്റൊരാളുടെ സ്വഭാവത്തെ ന്യായീകരിക്കുന്നില്ല. തെറ്റു ചെയ്തൊരാളോടു രമ്യതപ്പെടാനാകും. കാരണം നമ്മൾ തെറ്റു ചെയ്തിട്ടും ക്രിസ്തു നമ്മോടു രമ്യതപ്പെട്ടതല്ലേ. നമ്മോടു ക്ഷമിച്ചതിനാൽ നമുക്കും ക്ഷമിച്ചു കൂടെ? നമ്മെ സ്നേഹിച്ചതിനാൽ നമുക്കും സ്നേഹിച്ചു കൂടെ? ക്ഷമാശീലം ഒരു തെരഞ്ഞെടുപ്പാണ്. മറ്റൊരാളുടെ സ്വഭാവമോ പ്രവൃത്തിയോ ഗണ്യമാക്കാതെ നമുക്കു ക്ഷമിക്കാനാകും. ഇതാണ് യഥാർത്ഥ ക്രിസ്തു അനുഭവം.

**ക്രിസ്തുവിൽ നമ്മുടെ പാപം ക്ഷമിച്ചു, അതിൽ ശ്രദ്ധ കേന്ദ്രീകരിച്ച് എങ്ങനെ മറ്റുള്ളവരോടു ക്ഷമിക്കാൻ പഠിക്കാം? ക്ഷമാശീലം ക്രിസ്തീയ അനുഭവിത്തിന്റെ അനിവാര്യമായ ഘടകമാകുന്നതെങ്ങനെ?**

## വീണ്ടെടുപ്പും ഐക്യവും

**മത്തായി 18:15–17 വായിക്കുക. മറ്റൊരു സഭാംഗം നമ്മോടു തെറ്റു ചെയ്താൽ ആ വഴക്ക് പരിഹരിക്കാൻ എന്തെല്ലാം മൂന്ന് ചുവടുകളാണ് ക്രിസ്തു നൽകുന്നത്? സമകാലീന അവസ്ഥകളിൽ എങ്ങനെയാണ് ഈ വാക്കുകൾ ഉപയോഗിക്കേണ്ടത്?**

മത്തായി 18–ൽ യേശു ഈ ഉപദേശം നൽകുന്നതു തന്നെ പരസ്പര വഴക്കുകളെ സഭയ്ക്കകത്തു തന്നെ ചെറിയ കൂട്ടങ്ങളിൽ തീർപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ്. വഴക്കിലേർപ്പെട്ട രണ്ടുപേർ തന്നെ അത് പരിഹരിക്കുക എന്നതാണ് യേശു സൂചിപ്പിക്കുന്നത്. ഇതുകൊണ്ടാണ് യേശു പറയുന്നത്, "നിന്റെ സഹോദരൻ നിന്നോടു പിഴച്ചാൽ നീ ചെന്നു നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവനു ബോധം വരുത്തുക." (മത്താ.18:15). രണ്ടുപേർ തമ്മിലുള്ള വഴക്കിൽ ഇടപെടുന്നവരുടെ എണ്ണം കൂടിയാൽ കൂടുതൽ ആശയക്കുഴപ്പങ്ങളുണ്ടായേക്കാം, അത് മറ്റുള്ളവരുടെ കൂട്ടായ്മയെക്കൂടി ബാധിക്കും. ജനം പക്ഷം ചേരുകയും, യുദ്ധസമാന അവസ്ഥ സംജാതമാകുകയും ചെയ്യും. എന്നാലോ ക്രിസ്ത്യാനികൾ പരസ്പര സ്നേഹത്തിലും ക്രിസ്തീയ ഐക്യത്തിലും വ്യത്യാസങ്ങൾ സ്വകാര്യമായി തീർപ്പാക്കാൻ ശ്രമിച്ചാലോ, വീണ്ടെടുപ്പിന്റെ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുകയാണ്. ഭിന്നതകൾ പരിഹരിക്കാൻ അവർ ആത്മാർത്ഥമായി ശ്രമിക്കുമ്പോൾ പരിശുദ്ധാത്മാവിനു പ്രവർത്തിക്കാൻ തക്ക അന്തരീക്ഷം ഉണ്ടാവുകയാണ്.

ചിലപ്പോൾ തർക്കം പരിഹരിക്കാൻ വ്യക്തിപരമായി ശ്രമിച്ചാലും നടക്കില്ല. ഇത്തരം സമയങ്ങളിൽ ഒന്നോ രണ്ടോ പേരെ കൂടെ കൂട്ടാൻ യേശു പറയുന്നു. ആദ്യത്തെ ശ്രമത്തിനു ശേഷം മാത്രമേ ഈ രണ്ടാം ഘട്ടത്തിലേക്ക് പ്രശ്നപരിഹാരം കൊണ്ടുവരാവൂ. ആളുകളെ അടുപ്പിക്കുകയാണ് ലക്ഷ്യം കൂടുതൽ ഭിന്നിപ്പിക്കുകയല്ല. പരിഹാരികളായെത്തുന്ന ഒന്നോ രണ്ടോ പേർ അവന്റെയോ/അവളുടെയോ വാക്സാമർത്ഥ്യം സ്ഥാപിക്കാനോ കുറ്റപ്പെടുത്താനോ ശ്രമിക്കരുത്. അവർ ക്രിസ്തീയ സ്നേഹത്തിലും പ്രാർത്ഥനയിലും അനുകമ്പയുള്ള മദ്ധ്യസ്ഥരായി അകന്നുപോയ രണ്ടുപേരെ ഒരുമിപ്പിക്കാൻ ശ്രമിക്കണം.

ഒരു പ്രശ്നപരിഹാര ശ്രമവും നടക്കാത്ത സാഹചര്യമുണ്ടായേക്കാം. ഈ അവസ്ഥയിൽ പ്രശ്നം സഭാമദ്ധ്യേ കൊണ്ടുവരാൻ യേശു നിർദ്ദേശിക്കുന്നു. വ്യക്തിപരമായ പ്രശ്നം പരിഹരിക്കാൻ രാവിലെ തന്നെ ശബ്ബത്താരാധന മുടക്കണമെന്നല്ല യേശു പറയുന്നത്. ആദ്യ രണ്ടു ശ്രമങ്ങളിലും പ്രശ്നം പരിഹരിക്കപ്പെട്ടില്ലെങ്കിൽ സഭായോഗത്തിൽ ഈ വിഷയം കൊണ്ടുവരികയാണ് അഭികാമ്യമെന്ന് യേശു പഠിപ്പിക്കുന്നു. ഇവിടെയും ക്രിസ്തുവിന്റെ ലക്ഷ്യം കൂട്ടിച്ചേർക്കലാണ്, അത് ഒരിക്കലും ഒരാളെ കുറ്റവിമുക്തനാക്കി മറ്റൊരാളെ കുറ്റം വിധിക്കലല്ല.

"അനിഷ്ടം സഹിച്ച് വിദ്വേഷം ജനിപ്പിക്കരുത്. മുറിവുണങ്ങാനനുവദിക്കാതെ വിഷം പുരട്ടിയ വാക്കുകളിലൂടെ കേൾവിക്കാരുടെ മനസ്സുകളെ ദുഷിപ്പിക്കരുത്.

നിങ്ങളുടെയും മറ്റെയാളുടെയും മനസ്സുകളെ കൈപ്പായ ചിന്തകൾ നിറയാൻ വിട രുത്. നിങ്ങളുടെ സഹോദരന്റെ അടുത്തു പോയി സൗമ്യതയോടെയും ആത്മാർത്ഥ തയോടെയും ഈ വിഷയത്തെപ്പറ്റി സംസാരിക്കുക."-*എലൻ ജി. വൈറ്റ്, ഗോസ്പൽ വർക്കേഴ്സ്, പേജ് 499.*

**വെള്ളി** **ഡിസംബർ 7**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ് എൻസൈക്ലോപീഡിയയിലെ "ഫൊർഗീവ്നെസ്" എന്ന ലേഖനം വായിക്കുക, പേജ് 825, 826.*

"സുവിശേഷ വേലക്കാരുടെ ആത്മാവിൽ ക്രിസ്തുവിനെ അനുസരിക്കുമ്പോൾ, എല്ലാ സ്വാർത്ഥതയും മരിക്കുമ്പോൾ, പകയില്ലാതാകുമ്പോൾ, അധികാരമോഹങ്ങൾ അവസാനിക്കുമ്പോൾ, ഐക്യം നിലനിൽക്കുമ്പോൾ, തന്നെത്താൻ ശുദ്ധീകരിക്കുമ്പോൾ, അന്യോന്യമുള്ള സ്നേഹം ദൃശ്യമാകുന്നു, അനുഭവവേദ്യമാകുന്നു. അപ്പോൾ പരിശുദ്ധാത്മ കൃപാവരമാരി അവർക്കുമേൽ പൊഴിയും. ദൈവവാഗ്ദത്തം അണുവിടപോലും തെറ്റില്ല." *എലൻ ജി. വൈറ്റ്, സിലക്റ്റഡ് മെസേജസ്, ഒന്നാം പുസ്തകം, പേജ് 175.*

"കർത്താവിന്റെ മഹാദിവസത്തിൽ നമ്മൾ ക്രിസ്തുവിനെ അഭയമാക്കി, അവനെ ഗോപുരമാക്കി നിന്നാൽ, സകല അസൂയയും അധികാരത്തിനായുള്ള വടംവലികളും പൂർണ്ണമായി നീക്കണം. ഇത്തരം അവിശുദ്ധ കാര്യങ്ങൾ ജീവിതത്തിൽ വീണ്ടും മുളയ്ക്കാത്തവണ്ണം വേരോടെ പിഴുതെറിയണം. നമ്മെ പൂർണ്ണമായും ദൈവപക്ഷത്ത് വയ്ക്കണം."-*എലൻ ജി. വൈറ്റ്, ലാസ്റ്റ് ഡേ ഇവന്റ്സ്, പേജ് 190.*

**ചർച്ച**

1. **കൊലൊ. 3:12–17 വായിക്കുക. കൊലൊസ്യ സഭയോട് പ്രാപിക്കാൻ ആവശ്യപ്പെടുന്ന ക്രിസ്തീയ ഗുണങ്ങളെക്കുറിച്ച് ചർച്ച ചെയ്യുക. എല്ലാ പ്രശ്നപരിഹാരത്തിനും ഈ ഗുണങ്ങൾ അടിസ്ഥാനമാകുന്നതെങ്ങനെ? മത്തായി 18:15–18 വാക്യങ്ങളിൽ യേശു നൽകുന്ന തത്വങ്ങൾ നടപ്പാക്കുന്നതിൽ ഇത് എങ്ങനെ സഹായിക്കുന്നു?**
2. **കൊലൊസ്യർ 3:12–17 ഒന്നുകൂടി നോക്കി അതിലെ പഠിപ്പിക്കലുകൾ ശ്രദ്ധിക്കുക. സഭൈക്യത്തിന് ഇക്കാര്യങ്ങൾ അത്രമാത്രം അനിവാര്യമാകുന്നതെങ്ങനെയാണ്?**
3. **നമ്മുടെ സഭയെ നോക്കുകയാണെങ്കിൽ, അതായത് ആഗോള സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭയെ, ലോകം മുഴുവനും എത്തിച്ചേരാൻ തക്ക ഐക്യത്തിൽ നിന്ന് പിന്നാക്കം വലിക്കുന്നതെന്താണ്? നമ്മുടെ പഠിപ്പിക്കലുകളും തത്വങ്ങളുമാണോ കാരണം? തീർച്ചയായും അല്ല. ലോകത്തോട് പ്രഘോഷിക്കാൻ ദൈവം നമുക്കു തന്നിട്ടുള്ള കാര്യങ്ങളാണ് അവ. ഒരു പക്ഷേ പ്രശ്നം നമ്മിൽത്തന്നെയാവാം. നമ്മുടെ വ്യക്തിപര ബന്ധങ്ങളിൽ, നിസ്സാരമായ അസൂയകളിൽ, കലഹങ്ങളിൽ, സ്വാർത്ഥതകളിൽ, അധികാ**

**രമോഹങ്ങളിൽ, അങ്ങനെ ഒരുപിടി കാര്യങ്ങളിൽ. സഭയിൽ ഐക്യം കാണണമെങ്കിൽ, നിങ്ങളിൽ വരേണ്ട മാറ്റങ്ങൾക്കായി എന്തുകൊണ്ട് പരിശുദ്ധാത്മ ശക്തിക്കായി യാചിക്കേണം?**

**സംഗ്രഹം:** യേശുക്രിസ്തുവിന്റെ സുവിശേഷം സൗഖ്യത്തെക്കുറിച്ചും രൂപാന്തരത്തെക്കുറിച്ചുമാണ്. ഇവ, നമ്മുടെ പരസ്പര ബന്ധങ്ങളെ സ്വാധീനിക്കാതിരിക്കില്ല. പാപം നിറഞ്ഞ ലോകത്തിലും, എങ്ങനെ മറ്റുള്ളവരുമായി ഈടാർന്ന ബന്ധം നിലനിർത്താമെന്ന് തിരുവചനം ശക്തമായ തത്വങ്ങളും ഉദാഹരണങ്ങളും നമുക്കു തരുന്നു.

****